## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1505 — 03.12.2018-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിന് മിനിമം ലീഗൽ സൈസ് നിയന്ത്രണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനായി സി.എം.എഫ്.ആർ.ഐ. നിർദ്ദേശിച്ച മിനിമം ലീഗൽ സൈസ് നിയന്ത്രണം എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും നടപ്പിലാക്കുവാൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തീരുമാനം എടുത്തിട്ടുണ്ട്. അതാത് സംസ്ഥാനങ്ങളിൽ പ്രാദേശിക ചർച്ചകൾക്കും ബോധവത്കരണത്തിനും ശേഷം ഓരോ സംസ്ഥാനങ്ങളിലെയും മത്സ്യസമ്പത്തിന്റെ പ്രത്യേകതയുടെയും അടിസ്ഥാനത്തിൽ മിനിമം ലീഗൽ സൈസ് നിശ്ചയിച്ച് പ്രസ്തുത നിയന്ത്രണം നടപ്പിലാക്കണം എന്ന് ധാരണയായിട്ടുണ്ട്. |
| (ബി) | കടലിൽ 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനത്തിനുള്ള അവകാശം അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ആവശ്യപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിലും അത്തരമൊരാവശ്യം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി ആവശ്യമായ സാങ്കേതിക സഹായവും മികച്ച പരിശീലനവും ഉറപ്പ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) | നിലവിൽ അത്തരം പദ്ധതികൾ നടപ്പാക്കുന്നില്ല. എന്നാൽ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന Long line ബോട്ടുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ പുതുക്കിയ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ